B1-107213/TC/2019

ട്രാൻസ്പോർട് കമ്മീഷണറേറ്റ് ,
തിരുവനന്തപുരം
തീയതി: 05-06-2020

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

വിഷയം : മോട്ടോർ വാഹന വകുപ്പ് - വാഹൻ സോഫ്റ്റ്‌വെയർ - ഫിനാൻസ് ബിൽ 2020-2021 - വിദ്യാഭ്യാസ സ്ഥാപന ബസ്സുകളുടെ വാഹന നികുതി സ്വീകരിക്കുന്നത് -മാർഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച് .

സൂചന : ഫൈനാൻസ് ബിൽ 2020 -2021.

2020-21 ലെ ബഡ്ജറ്റിൽ നിർദേശിച്ച മോട്ടോർ വാഹന ടാക്സേഷൻ നിയമങ്ങളുമായി ബന്ധപെട്ട സൂചന പ്രകാരം ഉത്തരവായിട്ടുള്ള നികുതി പരിഷ്കരണങ്ങൾ 01 .04 2020 മുതൽ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. സർക്കാർ /എയ്ഡഡ് മേഖലയിലുള്ള Educational Institution Bus കളുടെ നിലവിലുള്ള നികുതി തുടരും . എന്നാൽ സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിലുള്ള Educational Institution Bus കളുടെ ത്രൈമാസ നികുതി അവയുടെ സീറ്റിന്റെ അടിസ്ഥാനത്തിൽ പുനർ നിർണയിച്ചിട്ടുണ്ട് . ഈ സാഹചര്യത്തിൽ വാഹൻ സോഫ്റ്റ്‌വെയറിലൂടെ പുതുക്കിയ നിരക്കിലുള്ള വാഹന നികുതി ഈടാക്കുന്നതിനും Educational Institution Bus കളെ തരം തിരിച്ച് അറിയുന്നതിനുമായി നിലവിൽ Contract Carriage (EIB) എന്ന പെർമിറ്റ് ക്യാറ്റഗറിയിൽ നടപ്പിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളും ഓഫീസുകളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു .

1. പുതുതായി രജിസ്റ്റർ ചെയ്യുന്ന Educational Institution Bus കളുടെ വാഹനങ്ങളുടെ പെർമിറ്റ് ടൈപ്പ് - Contract Carriage എന്നും പെർമിറ്റ് കാറ്റഗറി - Government (EIB), Aided (EIB), Unaided (EIB) എന്നീ ഓപ്ഷനുകളിൽ നിന്ന് അനുയോജ്യമായത് സെലക്ട് ചെയ്ത് അപ്രൂവ് ചെയ്യേണ്ടതാണ്.

2. വാഹൻ സോഫ്റ്റ്‌വെയറിലേക്ക് പോർട്ട് ചെയ്യപ്പെട്ട Educational Institution Bus വാഹനങ്ങളുടെ നിലവിലെ Contract Carriage (EIB) എന്ന പെർമിറ്റ് കാറ്റഗറി ഓഫീസ് അഡ്മിൻ മോഡ്യൂളിൽ ലഭ്യമായിട്ടുള്ള Modify-Permit Details-Admin എന്ന ആക്ഷൻ മുഖേന Government (EIB), Aided (EIB), Unaided (EIB) എന്നീ ഓപ്ഷനുകളിൽ നിന്ന് അനുയോജ്യമായത് സെലക്ട് ചെയ്ത് മോഡിഫൈ ചെയ്ത് നൽകേണ്ടതാണ്.

3. വാഹൻ റിപ്പോർട്ട് മോഡ്യൂളിൽ നിന്നും അതാത് ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന Educational Institution Bus കളുടെ ലിസ്റ്റ് എടുക്കാവുന്നതും ഇത്തരത്തിൽ എല്ലാ Educational Institution Bus വാഹനങ്ങളുടെയും പെർമിറ്റ് കാറ്റഗറി മോഡിഫൈ ചെയ്യേണ്ടതുമാണ്. സർക്കിൾ ഓഫീസർമാർക്ക് ലിസ്റ്റ് നൽകി അടിയന്തിരമായി സ്ഥാപനം, Government (EIB), Aided (EIB), Unaided (EIB) ഏത് തരത്തിൽ ആണെന്ന് ഉറപ്പ് വരുത്താവുന്നതാണ്. ഈ വിഷയത്തിൽ കാലതാമസം ഉണ്ടാകുവാൻ പാടില്ലാത്തതും ഉടമകൾക്ക് യാതൊരു വിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കുവാൻ പാടില്ലാത്തതുമാണ് .

4. നിലവിൽ Educational Institution Bus വാഹനങ്ങളുടെ വിൽപ്പനക്കുള്ള ട്രേഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഡീലർമാർക്കും , ഓഫീസ് ജീവനക്കാർക്കും ഈ പെർമിറ്റ് ക്യാറ്റഗറികൾ അസൈൻ ചെയ്ത് നൽകേണ്ടതാണ്

5. നിലവിലെ ഫീ നിരക്ക് തന്നെ ഈ പെർമിറ്റ് കാറ്റഗറികൾക്കും ബാധകമാണ്. ഇതിനോടകം കുറഞ്ഞ നിരക്കിൽ ടാക്സ് ഒടുക്കിയിട്ടുണ്ടെങ്കിൽ അത്തരം വാഹനങ്ങളുടെ 01.04.2020 മുതലുള്ള പുതിയ നിരക്കിലുള്ള നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മിഷണർ (I/C)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി